ഉൽപന്നങ്ങളുടെ വിപണനത്തിനുവേണ്ടിയുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ ഭാഗമായി ഈ സാമ്പത്തിക വർഷം 15 കോടി രൂപയുടെ അധിക ധനസഹായം ഉൾപ്പെടെ 182 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നത്.

### പാരമ്പര്യ വ്യവസായ സംരക്ഷണത്തിന് നടപടി

162 (3936) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) കശുവണ്ടി വ്യവസായം ഉൾപ്പെടെയുള്ള പാരമ്പര്യ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

### എമർജിംഗ് കേരളയും വിവിധ പ്രോജക്ടുകളും

163 (3937) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരള എന്ന പേരിൽ സംസ്ഥാനസർക്കാർ സംഘടിപ്പിച്ച വ്യവസായ സംരംഭക പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു ;

(ബി) എമർജിംഗ് കേരള മുഖാന്തിരം നടപ്പാക്കുന്ന ഓരോ പദ്ധതിക്കും സംസ്ഥാന സർക്കാരിന് എത്ര രൂപയാണ് മൂലധന നിക്ഷേപമായി നൽകേണ്ടി വരിക ; എന്നത്തേക്ക് ഈ പദ്ധതികൾ ആരംഭിക്കാൻ കഴിയും ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇതുവഴി എത്രപേർക്ക് തൊഴിൽ ലഭ്യമാകും ;

(ഡി) മുൻപ് നടത്തിയ ജിം (ജിഐ.എം.) -ഉം- എമർജിംഗ് കേരളയുമായുള്ള വ്യത്യാസമെന്ത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly